# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 17**

---

## ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് എം.ജി സർവകലാശാല സന്ദർശിക്കും

*മഹാത്മാ ഗാന്ധി സർവകലാശാലാ ചാൻസലറായ സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന്(ഫെബ്രുവരി 18) സർവകലാശാലയിൽ സന്ദർശനം നടത്തും. ചുമതലയേറ്റശേഷം ആദ്യമായാണ് അദ്ദേഹം സർവകലാശാലയിൽ എത്തുന്നത്.*

*രാവിലെ 11ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ നേതൃത്വത്തിൽ ഗവർണറെ സ്വീകരിക്കും. സിൻഡിക്കേറ്റ് അംഗങ്ങളുമായി സംവദിക്കുന്ന അദ്ദേഹം കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ്, എം.ജി സർവകലാശാലാ ഇന്നവേഷൻ ഫൗ ഷൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തും.*

*സർവകലാശാലയിലെ ഗവേഷണങ്ങൾ, കായിക മേഖലയിലെ നേട്ടങ്ങൾ, യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഗവർണർക്കു മുന്നിൽ അവതരിപ്പിക്കും.*

*(പി.ആർ.ഒ/39/1320/2025)*

## സമയപരിധി നീട്ടി

*ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎ (ലാംഗ്വേജസ് -ഇംഗ്ലീഷ്) ഇൻറഗ്രേറ്റഡ് എംഎസ്സി (ബേസിക്ക് സയൻസ്-ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ് (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ് മെന്റും സപ്ലിമെന്ററിയും) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള*

*സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഫെബ്രുവരി 18 വരെയും ഫൈനോടുകൂടി ഫെബ്രുവരി 19 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 20 വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1321/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**